## തൃശ്ശൂർ ജില്ലയിലെ വിദ്യാലയങ്ങളിലെ ഒഴിവുള്ള തസ്തികകൾ

75 (T* 3806) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ അദ്ധ്യാപകർ, അദ്ധ്യാപകേതര ജീവനക്കാർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളഭാഷാ പഠനം കാര്യക്ഷമമാക്കാൻ നടപടി

76 (3807) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളഭാഷ പഠിപ്പിക്കാൻ അദ്ധ്യപകരെ അനുവദിച്ചെങ്കിലും മലയാള പഠനം കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ മോണിറ്ററിംഗ് സംവിധാനമെന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പഠന നിലവാരം സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) സംവിധാനം നിലവിലില്ലെങ്കിൽ മാതൃഭാഷയുടെ പ്രാധാന്യം കണക്കിലെടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ അത്തരമൊരു സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ&ബി) മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി)2435/12(ഡി) വിധിന്യായത്തിൽ എൻ.സി.ഇ.ആർ.ടി. സിലബസ് പിന്തുടരുന്ന ഇത്തരം സ്കൂളുകളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുവാൻ സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് പരാമർശിച്ചിരിക്കുന്നതിനാൽ ടി സ്ഥാപനങ്ങളിലെ മലയാളഭാഷാ പഠനത്തിന് തടസ്സം നേരിടുന്നുണ്ട്.

(സി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

---

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly